(ബി ആൻറ് സി) തിരുപ്പതിയിലേതുപോലെ ശബരിമല തീർത്ഥാടകർക്കുവേണ്ടി ഒരു ക്യൂ കോംപ്ലക്സും ടോയിലറുകളും മറ്റു സൗകര്യങ്ങളും നിർമ്മിക്കുവാൻ പദ്ധതിയുണ്ട് എന്ന് ബോർഡ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ഡി) ഫണ്ടിൻെറ ലഭ്യതയനുസരിച്ച് ശബരിമലയിൽ ബോർഡ് അന്നദാനം നടത്തുന്നുണ്ട്. സംഭാവനത്തുക കൂടുന്നതനുസരിച്ച് ഇത് വിപുലീകരിക്കുന്നതാണ് എന്ന് ബോർഡ് അറിയിച്ചിട്ടുണ്ട്.

ക്ഷേത്രങ്ങളിൽ ഇതരമതസ്ഥർക്കും ആരാധനാ സ്വാതന്ത്ര്യം അനുവദിക്കാൻ നടപടി

104 [2093] ശ്രീ. തോമസ് ഉണ്ണിയാടൻ:
,, സ്റ്റീഫൻ ജോർജ്ജ്:
,, ജോസഫ് എം. പുതുശ്ശേരി:

ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊട്ടുകൂടായ്മയും തീണ്ടിക്കൂടായ്മയും നിലനിന്നിരുന്ന കാലത്ത് ക്ഷേത്രപ്രവേശന വിളംബരം നടത്തിയ പാരമ്പര്യമുള്ള കേരളത്തിൽ ഈശ്വരവിശ്വാസികളായ ഇതര മതസ്ഥർക്കും ക്ഷേത്രാരാധന നടത്തുവാനുതകുന്ന നിയമം ആവിഷ്കരിക്കുവാൻ സർക്കാർ തയ്യാറാകുമോ;

(ബി) ക്ഷേത്രങ്ങളുടെ സമുദ്ധാരണത്തിനും ഉത്കർഷത്തിനും വേണ്ടി സഹായിക്കുന്ന ഇതര മതസ്ഥർ സമൂഹത്തിൽ ധാരാളമുണ്ടെന്നിരിക്കേ, അവർക്ക് ക്ഷേത്രദർശനം നടത്തുന്നതിന് വിലക്ക് ഏർപ്പെടുത്തുന്ന പ്രാകൃത മനസ്കരെ ബോധവത്കരിക്കുന്നതിനും ദേശീയ ധാരയിലേക്ക് കൊണ്ടുവരുന്നതിനും സർക്കാർ നടപടി സ്വീകരിക്കുമോ;

(സി) എല്ലാ മതസ്ഥർക്കും ആരാധനാ സ്വാതന്ത്ര്യം അനുവദിക്കുന്ന പ്രമുഖ ക്ഷേത്രങ്ങൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ ആൻറ് ബി). ഇക്കാര്യം ഇപ്പോൾ സർക്കാരിൻെറ പരിഗണനയിലില്ല.

(സി) ശബരിമല, പമ്പ, എരുമേലി എന്നീ ക്ഷേത്രങ്ങളിൽ എല്ലാ മതസ്ഥർക്കും ആരാധനാ സ്വാതന്ത്ര്യമുണ്ട്.

ഗുരുവായൂർ ദേവസ്വം നൽകുന്ന തുകയ്ക്ക് പലിശ നൽകാൻ നടപടി

105 [2094] ശ്രീ. എം. മുരളി:
,, കെ. മുഹമ്മദാലി:
,, എം. കെ. പോൾസൺ മാസ്റ്റർ:
,, കെ. എ. ചന്ദ്രൻ:
,, ടി. എൻ. പ്രതാപൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) ഗുരുവായൂരിന്റെയും ചുറ്റുമുള്ള പഞ്ചായത്തിന്റെയും വികസനത്തിന് ഗുരുവായൂർ ശ്രീകൃഷ്ണക്ഷേത്രം എന്തു തുകയാണ് നൽകേണ്ടത്;

(ബി) ഈ തുക ഭാവിയിൽ ഗുരുവായൂർ ക്ഷേത്രം ഉപയോഗിക്കുന്ന കുടിവെള്ളക്കരത്തിൽനിന്ന് തട്ടിക്കിഴിക്കുവാൻ ഉദ്ദേശമുണ്ടോ;

(സി) ദേവസ്വം നൽകുന്ന തുകയ്ക്ക് പലിശ കൊടുക്കുവാൻ ഉദ്ദേശമുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ, ബി ആൻറ് സി) ഗുരുവായൂർ വികസനം സംബന്ധിച്ച് ചർച്ചകളിൽ ഭക്തജനങ്ങൾക്ക് കൂടുതൽ സൗകര്യങ്ങൾ നൽകുന്നതിന്റെ ഭാഗമായി ഗുരുവായൂരിലെ മലിനജലം നിർമ്മാർജ്ജനത്തിന് 5 കോടി രൂപയും കുടിവെള്ള പദ്ധതിക്ക് 18 കോടി രൂപയും ദേവസ്വം അടയ്ക്കണമെന്ന നിർദ്ദേശം ഉണ്ടായിട്ടുണ്ട്. ഇക്കാര്യത്തിൽ തുക നൽകേണ്ടതിനെക്കുറിച്ചും മറ്റു വ്യവസ്ഥകളെക്കുറിച്ചും ദേവസ്വം ഭരണ സമിതി തീരുമാനമൊന്നും എടുത്തിട്ടില്ല.

ഇരിങ്ങോൻ ദേവീ ക്ഷേത്രത്തിന്റെ പുനരുദ്ധാരണം

106 [2095] ശ്രീ. സാജു പോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരുമ്പാവൂർ നഗരത്തിലെ നിബിഡവനത്തിൽ സ്ഥിതി ചെയ്യുന്ന ഇരിങ്ങോൻ ദേവീക്ഷേത്രം വൃക്ഷങ്ങൾ കടപുഴകി വീണ് ഭാഗികമായി തകർന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ക്ഷേത്രം പുനരുദ്ധരിക്കുന്നതിനും മേൽക്കൂര ചെമ്പുതകിട് പൊതിഞ്ഞ് സുരക്ഷിതമാക്കുന്നതിനും തിരുവിതാംകൂർ ദേവസ്വം ബോർഡ് ആവിഷ്കരിച്ച പദ്ധതിനിർവ്വഹണത്തിന്റെ പുരോഗതി അറിയിക്കുമോ; വിശദാംശം വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത പ്രവൃത്തി ഉടൻ ആരംഭിക്കുന്നതിനും പൂർത്തിയാക്കുന്നതിനും നടപടി സ്വീകരിക്കുമോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ, ബി ആൻറ് സി) ഉണ്ട്. ഇരിങ്ങോൻ ദേവീക്ഷേത്രത്തിന്റെ പുനരുദ്ധാരണ പണികളും നടത്തുന്നതിനുള്ള അടിയന്തിര നടപടികളും ബോർഡ് സ്വീകരിച്ചുവരികയാണ്. ക്ഷേത്ര പുനരുദ്ധാരണം സംബന്ധിച്ചുള്ള എല്ലാ ജോലികളും അടിയന്തിരമായി പൂർത്തീകരിക്കുന്നതാണ് എന്ന് ബോർഡ് അറിയിച്ചിട്ടുണ്ട്.

ശബരിമലയുടെ വികസനത്തിന് എക്കോ സ്മാർട്ട് എന്ന സ്ഥാപനം നൽകിയ റിപ്പോർട്ട്

107 [2096] ശ്രീ. ജോർജ്ജ് ജെ. മാത്യു:
,, പ്രയാർ ഗോപാലകൃഷ്ണൻ:

LIBRARY ARCHIVES Kerala Legislative Assembly